2026
MAY
11
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# യുവ സംഗം പദ്ധതി: ലഡാക്കിലേക്ക് സാംസ്ക്കാരിക യാത്രയുമായി കേരള–ലക്ഷദ്വീപ് സംഘം

**കോഴിക്കോട്/പാലക്കാട്:** ഇന്ത്യാ ഗവണ്മെന്റിന്റെ 'യുവ സംഗം' പദ്ധതിയുടെ ഭാഗമായി കേരളത്തിലും ലക്ഷദ്വീപിലും നിന്നുള്ള 39 അംഗം വിദ്യാർത്ഥി വിദ്യാർത്ഥി സംഘം ജമ്മുവിലേക്ക് ട്രെയിനിൽ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അനുഭവ യാത്രയ്ക്ക് തുടക്കമിട്ടു. വിദ്യാഭ്യാസ മന്ത്രാലയത്തിന് കീഴിലുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' (EBSB) ക്യാമ്പയിന്റെ ഭാഗമായി നടക്കുന്ന യുവ സംഗം ആറാം ഘട്ടം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ജമ്മുവുമായി ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാശിസ് ചാറ്റർജി കോഴിക്കോട് വെച്ച് യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ഭാവി തലമുറയുടെ മൂല്യങ്ങളെ വളർത്തിപ്പോറ്റുന്നതിനായി വിദ്യാഭ്യാസ മന്ത്രാലയം രാജ്യവ്യാപകമായി നടപ്പാക്കുന്ന ഈ പദ്ധതിയി വഴി കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇന്ത്യയുടെ വൈവിധ്യങ്ങളെ ആഘോഷിക്കാനും രാജ്യത്തിന്റെ സാംസ്കാരിക സമ്പത്ത് അടുത്തറിഞ്ഞ് മനസ്സിലാക്കാനും ലഭിച്ച സ്വർണാവസരമാണെന്ന് പ്രൊഫ. ദേബാശിസ് ചാറ്റർജി പറഞ്ഞു. ഉദ്ഘാടനത്തെ തുടർന്ന് സംഘം പാലക്കാട് റെയിൽവേ സ്റ്റേഷനിൽ നിന്ന് ജമ്മു താവി റെയിൽവേ സ്റ്റേഷനിലേക്ക് ട്രെയിനിൽ യാത്ര തിരിച്ചു.

ഏകദേശം 60 മണിക്കൂർ ദൈർഘ്യമുള്ള ഈ യാത്ര 3000 കിലോമീറ്ററിലധികം ദൂരം ഉൾക്കൊള്ളുന്നതാണ്. യുവ സംഗം പദ്ധതിയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ ട്രെയിൻ യാത്രകളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു. പദ്ധതിയുടെ ഭാഗമായി കേരളത്തിലും ലക്ഷദ്വീപിലും നിന്നുള്ള തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ, ഐഐഎം കോഴിക്കോട് അധ്യാപകരുടെയും സ്റ്റാഫ് അംഗങ്ങളുടെയും നേതൃത്വത്തിൽ, അടുത്ത 11 ദിവസങ്ങളിലായി (യാത്രാദിവസങ്ങൾ ഉൾപ്പെടെ) ജമ്മു, കാശ്മീർ, ലഡാക്ക് മേഖലകളിലെ സാംസ്കാരികവും സാമൂഹികവുമായ വൈവിധ്യങ്ങൾ പരിചയപ്പെടും. സംഘത്തിൽ കേരളത്തിലെ 14 ജില്ലകളിൽ നിന്നുള്ള 38 വിദ്യാർത്ഥികളും ലക്ഷദ്വീപ് കേന്ദ്രഭരണ പ്രദേശത്തുനിന്നുള്ള ഒരാൾ ഉൾപ്പെടെ ആകെ 39 പേരുണ്ട്. ഇവരിൽ 21 പുരുഷ വിദ്യാർത്ഥികളും 18 വനിത വിദ്യാർത്ഥികളും ഉൾപ്പെടുന്നു. ബിരുദ, ബിരുദാനന്തര, ഓഫ്- ക്യാംപസ് യുവജന വിഭാഗങ്ങളിൽ നിന്നുള്ളവരാണ് ഇവർ. സംഘത്തോടൊപ്പം ഐഐഎം കോഴിക്കോട് നിന്നുള്ള അഞ്ച് അധ്യാപകരും സ്റ്റാഫ് അംഗങ്ങളും ഉണ്ട്. സംഘം മെയ് 11-ന് ജമ്മു താവി റെയിൽവേ സ്റ്റേഷനിലെത്തി അവിടെ നിന്ന് ഐഐഎം ജമ്മുവിലേക്ക് പോകും. തുടർന്ന് ഒരാഴ്ചക്കാലം ജമ്മു-കാശ്മീരിലെയും ലഡാക്കിലെയും വിവിധ പ്രമുഖരുമായി, ഐഐഎം ജമ്മു അധ്യാപകരുമായും വിദ്യാർത്ഥികളുമായും ഗവർണർ, മുഖ്യമന്ത്രി, മറ്റ് ഉന്നത സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുമായും ഇവർ ആശയവിനിമയം നടത്തും.




യുവ സംഗം ഇന്ത്യാ ഗവണ്മെന്റിന്റെ ഒരു പ്രധാന പദ്ധതിയാണ്. ഒരു സംസ്ഥാനത്തോ കേന്ദ്രഭരണ പ്രദേശത്തോ നിന്നുള്ള വിദ്യാർത്ഥികളെയും യുവജനങ്ങളെയും മറ്റൊരു സംസ്ഥാനത്തേക്കോ കേന്ദ്രഭരണ പ്രദേശത്തേക്കോ വിദ്യാഭ്യാസ-സാംസ്കാരിക പര്യടനങ്ങൾക്ക് അയക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഈ യാത്രകളിലൂടെ 'പര്യടൻ' (ടൂറിസം), 'പരമ്പര' (പാരമ്പര്യം), 'പ്രഗതി' (വികസനം), 'പരസ്പര സമ്പർക്ക' (ജന സമ്പർക്കം), 'പ്രദ്യോഗികി' (സാങ്കേതികത) എന്നീ അഞ്ച് പ്രധാന മേഖലകളിൽ യുവാക്കൾക്ക് ബഹുമുഖ പരിചയം ലഭ്യമാക്കുന്നു. 5 മുതൽ 7 ദിവസം വരെ (യാത്രാദിവസങ്ങൾ ഒഴികെ) നീളുന്ന ഈ പരിപാടിയിലൂടെ വിവിധ സംസ്ഥാനങ്ങളിലെ യുവാക്കൾക്ക് പരസ്പരം അടുത്തറിയാനും സാംസ്കാരിക വൈവിധ്യങ്ങളെ അനുഭവപരിചയത്തിലൂടെ മനസ്സിലാക്കാനും അവസരം ലഭിക്കും. ഐഐഎം ജമ്മുവിന്റെ നേതൃത്വത്തിൽ ജമ്മു-കാശ്മീർ, ലഡാക്ക് എന്നിവിടങ്ങളിൽ നിന്നുള്ള 50 അംഗ സംഘം മെയ് 28 മുതൽ ജൂൺ 5 വരെ കേരളത്തിൽ എത്തി ഐഐഎം കോഴിക്കോട് ആതിഥേയത്വത്തിൽ ഏഴ് ദിവസത്തെ സന്ദർശനം നടത്തും. കേരളത്തിന്റെ സമ്പന്നമായ സംസ്കാരവും പ്രകൃതി സൗന്ദര്യവും അടുത്തറിയാൻ വിവിധ പഠന-പര്യടന പരിപാടികളും ഇവർക്കായി ഒരുക്കിയിട്ടുണ്ട്.

# വേനൽമഴ കനത്തു: കാലവർഷം വരുന്നു

**കൊച്ചി:** കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്ത് പലയിടങ്ങിലും വേനൽമഴ തകർത്തു പെയ്യുകയാണ്. പകൽ ചൂട് കുറഞ്ഞ് വൈകുന്നേരത്തോടെ മഴ സജീവമായി. വേനൽമഴ ശക്തമായതിനെ തുടർന്ന് വൈദ്യുതി ഉപയോഗവും കുറഞ്ഞു. കാലവർഷത്തിന്റെ മുന്നോടിയായി ബംഗാൾ ഉൾക്കടലിലും അറബിക്കടലിലും അടുത്ത ആഴ്ചയോടെ മാറ്റങ്ങൾ കണ്ടുതുടങ്ങുവാൻ സാധ്യതയുണ്ട്.



തെക്കുപടിഞ്ഞാറൻ മൺസൂൺ ജൂൺ ആദ്യവാരത്തോടെ എത്തുമെന്നാണ് പ്രവചനങ്ങളെങ്കിലും ഇതിനുള്ള മാറ്റങ്ങൾ കാലാവസ്ഥയിൽ നേരത്തെ തന്നെ കണ്ടുതുടങ്ങിയിട്ടുണ്ട്. ഇത് സാധാരണ നിലയിലുള്ളതോ നേരത്തെയോ ലഭിക്കുന്ന മഴയ്ക്കു കാരണമായേക്കാം.




# സ്ത്രീകളുടെ ആരോഗ്യ ഇൻഷുറൻസ് ക്ലെയിമുകൾ കുത്തനെ വർധിക്കുന്നുവെന്ന് റിപ്പോർട്ട്

**കൊച്ചി:** രാജ്യത്തെ പ്രസവാരോഗ്യ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ സ്ത്രീകളുടെ ആരോഗ്യ ഇൻഷുറൻസ് ക്ലെയിമുകളിൽ വൻ വർധനയാണ് ഉണ്ടായതെന്ന് കെയർ ഹെൽത്ത് ഇൻഷുറൻസ് റിപ്പോർട്ട്. 2025 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2026 സാമ്പത്തിക വർഷത്തിൽ സ്ത്രീകളുടെ ആരോഗ്യ ഇൻഷുറൻസ് ക്ലെയിമുകൾ 37 ശതമാനം ഉയർന്നു. 20 മുതൽ 40 വയസ് വരെ പ്രായമുള്ള വർക്കിടയിലെ ക്ലെയിം വർധന 25 ശതമാനത്തിലെത്തി. നിലവിൽ രാജ്യത്തെ 88 മുതൽ 90 ശതമാനം വരെ പ്രസവങ്ങൾ ആശുപത്രികളിലാണ്. 2024-25 കാലയളവിൽ രാജ്യത്തെ ആകെ പ്രസവങ്ങളിൽ 27 ശതമാനത്തിലധികവും ശസ്ത്രക്രിയ മുഖേനയായിരുന്നു. രാജ്യത്തെ രണ്ട്, മൂന്ന് നിര നഗരങ്ങളിൽ പ്രസവവുമായി ബന്ധപ്പെട്ട ക്ലെയിമുകളുടെ ചെലവ് ഗണ്യമായി ഉയരുകയാണ്. 35 വയസിന് മുകളിലുള്ള സ്ത്രീകളുടെ പ്രസവ ക്ലെയിമുകളിലും വർധന രേഖപ്പെടുത്തി. 2026 സാമ്പത്തിക വർഷത്തിൽ ആകെ പ്രസവ ക്ലെയിമുകളുടെ 12 ശതമാനവും ഈ പ്രായക്കാരിൽ നിന്നായിരുന്നു.

പ്രസവപരിചരണം കൂടുതൽ കാര്യക്ഷമമാകുന്നതോടൊപ്പം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട സ്ത്രീകൾ അഞ്ച് ദിവസത്തിനുള്ളിൽ ഡിസ്ചാർജ് ചെയ്യപ്പെടുന്ന തോതും വർധിച്ചു.

2024 സാമ്പത്തിക വർഷത്തിലെ 75 ശതമാനത്തിൽ നിന്ന് ഇത് 2026 സാമ്പത്തിക വർഷത്തിൽ 82 ശതമാനമായി ഉയർന്നു. ഇന്ത്യയിൽ കൂടുതൽ സ്ത്രീകൾ ഇപ്പോൾ ഔപചാരിക ഗർഭകാല പരിചരണ സേവനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും പ്രസവാനന്തര ആരോഗ്യപ്രശ്നങ്ങളും പോഷകാഹാരക്കുറവും ഇപ്പോഴും ഗുരുതര വെല്ലുവിളികളായി തുടരുന്നതായും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

## ഇന്നത്തെ പരിപാടി

### കൊച്ചി

- **ഇടപ്പള്ളി സെന്റ് ജോർജ്ജ് ഫൊറോന ദേവാലയം :** ഗീവർഗ്ഗീസ് സഹദായുടെ തിരുനാൽ വൈകിട്ട് 6.30

### വരാപ്പുഴ

- **കുനമ്മാവ് സെന്റ് ഫിലോമിനാസ് ആന്റ് വിശുദ്ധ ചാവറ തീർത്ഥാടന കേന്ദ്രം :** ഇടവക മധ്യസ്ഥയായ വിശുദ്ധ ഫിലോമിനായുടെ തിരുനാൾ. വൈകിട്ട് 6ന് ദിവ്യബലി, നൊവേന ആരാധന.

### വൈപ്പിൻ

- **നായരമ്പലം നായർ കരയോഗം വക നായരമ്പലം ഭഗവതി ക്ഷേത്രം :** ശ്രീമദ് ഭാഗവത സപ്താഹ യജ്ഞ്നം- വൈകിട്ട് 6.30 ന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ പ്രഭാഷണം.
- **കുമ്പളം ബംഗ്ലാവുങ്കൽ അഞ്ജനേയസ്വാമി ക്ഷേത്രം :** അഞ്ജനേയസ്വാമിയുടെയും ഉപദേവതമാരുടെയും പ്രതിഷ്ഠാ ദിന കലശ വാർഷികം ക്ഷേത്രംതന്ത്രി കുമ്പളങ്ങി സുധീഷ്മോഹന്റെ മുഖ്യകാർമികത്വത്തിൽ നടക്കും. രാവിലെ 5.30ന്.

### ചോറ്റാനിക്കര

- **ചോറ്റാനിക്കര : ആമ്പല്ലൂർക്കാർ ഭഗവതി ക്ഷേത്രേം :** താലപ്പൊലി മഹോത്സവം -വൈകിട്ട് 7 ന് ക്ലാസിക്കൽ ഡാൻസ്, 8.30 ന് ദുര്യോധനവധം കഥകളി.

# അക്ഷയ സംരംഭക തെരഞ്ഞെടുപ്പ്: ഒ.എം.ആർ പരീക്ഷ 17ന്

**കൊച്ചി:** ജില്ലയിലെ അക്ഷയ സംരംഭക തെരഞ്ഞെടുപ്പിനായുള്ള ഒ.എം.ആർ പരീക്ഷ മെയ് 17-ന് നടക്കും. മാർച്ച് 19-ന് അപേക്ഷാ കാലാവധി അവസാനിച്ചതിനെ തുടർന്ന്, അപേക്ഷകർ സമർപ്പിച്ച രേഖകളുടെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ സ്ക്രീനിംഗ് നടത്തിയാണ് പരീക്ഷാർത്ഥികളെ നിശ്ചയിച്ചത്. ഓൺലൈൻ അപേക്ഷയിലെ രേഖകൾ പ്രകാരം കുറഞ്ഞത് 30% എങ്കിലും മാർക്ക് ലഭിച്ച അപേക്ഷകരെയാണ് ഒ.എം.ആർ പരീക്ഷയ്ക്കായി പരിഗണിച്ചിരിക്കുന്നത്. പരീക്ഷയ്ക്ക് യോഗ്യത നേടിയവർക്ക് വെബ്സൈറ്റിൽ നിന്നും അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യാവുന്നതാണ്. പരീക്ഷാ വിവരങ്ങൾക്കും അഡ്മിറ്റ് കാർഡിനുമായി https://lbsedp.lbscentre.in/akshaya26 എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അർഹരായ അപേക്ഷകർ കൃത്യസമയത്ത് അഡ്മിറ്റ് കാർഡുകൾ ഡൗൺലോഡ് ചെയ്യണമെന്നും നിർദ്ദേശാനുസരണം പരീക്ഷയ്ക്ക് ഹാജരാകണമെന്നും അക്ഷയ ചീഫ് കോർഡിനേറ്റർ കൂടിയായ ജില്ലാ കളക്ടർ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസ് ആലുവ, ഇടമലയാർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് എന്നിവടങ്ങളിലേക്ക് സഹായിയെ നിയമിക്കുന്നതിന് ജില്ലയിലെ പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്ലസ് ടു യോഗ്യതും, കമ്പ്യൂട്ടർ പരിജ്ഞാനവും, ഇംഗ്ലീഷ് ടൈപ്പിംഗിൽ പ്രാവീണ്യമുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 18-46 വയസ്സ്. അപേക്ഷകർ ജാതി, വിദ്യാഭാസ യോഗ്യത, പ്രവർത്തി പരിചയം, എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെൻറ് ഓഫീസിൽ മെയ് 15 ന് രാവിലെ 11 ന് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം. ഫോൺ : 0485-2970337.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ 'മദ്ദ്' പദ്ധതിയുടെ ഭാഗമായി വിവിധയിടങ്ങളിൽ ചാരിറ്റി കളക്ഷൻ ബോക്സുകൾ സ്ഥാപിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചു.
താല്പര്യമുള്ളവർ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ 'മെഡിക്കൽ സൂപ്രണ്ട്, സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം' എന്ന വിലാസത്തിൽ തപാലായോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.മെയ് 20 ഉച്ചയ്ക്ക് 2 വരെ ക്വട്ടേഷനുകൾ സമർപ്പിക്കാം. ഫോൺ:0484-2754000, 0484-2754458.

# 'മനസ്സിനൊരു കരുതൽ 2026' റീജിയണൽ കോൺഫറൻസ് കൊച്ചിയിൽ സംഘടിപ്പിച്ചു

**കൊച്ചി:** ആധുനിക ജീവിതത്തിലെ മാനസിക സമ്മർദ്ദങ്ങളും വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായി സി.ബി.സി.ഐ (CBCI) നാഷണൽ ഹെൽത്ത് കെയർ കമ്മീഷനും കാത്തലിക് മെന്റൽ ഹെൽത്ത് മിനിസ്ട്രിയും (CMHM) സംയുക്തമായി സംഘടിപ്പിക്കുന്ന 'മനസ്സിനൊരു കരുതൽ 2026' കേരള റീജിയണൽ കോൺഫറൻസ് കൊച്ചിയിൽ കെ.സി.ബി.സി ഹെൽത്ത് കമ്മീഷൻ ചെയർമാനും കണ്ണൂർ രൂപത മെത്രാനുമായ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല ഉദ്ഘാടനം ചെയ്തു. മാനസികാരോഗ്യം സംരക്ഷിക്കേണ്ടത് ഒരു കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ സി.എം.എച്ച്.എം കേരള അസോസിയേറ്റ് ഡയറക്ടറും പ്രോഗ്രാം കോഡിനേറ്ററുമായ റവ. ഫാ. സുബിൻ റാത്തപ്പിള്ളിൽ സ്വാഗതം ആശംസിച്ചു.

സി.ബി.സി.ഐ ഹെൽത്ത് കെയർ ഓഫീസ് നാഷണൽ സെക്രട്ടറി റവ. ഫാ. സന്തോഷ് ഡയസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ, സി.ബി.സി.ഐ ഹെൽത്ത് സെക്രട്ടറി സിസ്റ്റർ ലില്ലിസ എസ്.എ.ബി.എസ് ആശംസകൾ നേർന്നു. നാഷണൽ പ്രസിഡ് ഫാ. ഷിന്റോ കുഴിഞ്ഞാലിൽ ഒ.സി.ഡി നാഷണൽ വൈസ് പ്രസിഡൻറ് എഡ്വിൻ വാക്കർ, അസോസിയേറ്റ് ഡയറക്ടർ ചിൽട്ടൺ ഫെർണാസ്, കോഡിനേറ്റർ സി ക്രിസ്റ്റി മരിയ എസ്.എച്ച്. സെക്രട്ടറി സി.ജിലു ജോസ് സിഎംസി എന്നിവർ സമ്മേളനത്തിൽ സംസാരിച്ചു. മാനസികാരോഗ്യ ബോധവൽക്കരണ വിഷയങ്ങൾ ഉൾക്കൊള്ളുന്ന കൈപുസ്തകത്തിന്റെ പ്രകാശനവും നടന്നു. സി.എം.എച്ച്.എം കേരള റീജിയണൽ ഡയറക്ടർ ഡോ. സി. റീമ ഗ്രേസ് സി.എം.സി നന്ദി രേഖപ്പെടുത്തി.

രണ്ടു ദിവസങ്ങളിലായി നടക്കുന്ന കോൺഫറൻസിൽ വിവിധ പാനൽ ചർച്ചകൾ, ഗ്രൂപ്പ് സംവാദങ്ങൾ, ആത്മീയ പിന്തുണ നൽകുന്ന പ്രാർത്ഥനാ ശുശ്രൂഷകൾ എന്നിവ ക്രമീകരിച്ചിട്ടുണ്ട്. സന്നദ്ധ പ്രവർത്തകർ, മാനസികാരോഗ്യ മേഖലയിലുള്ളവർ എന്നിവരടക്കം കേരളത്തിന്റെ വിവിധ ജില്ലകളിലായി 150 ഓളം പേരാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. ഇന്ന് വൈകുന്നേരം സമാപന സമ്മേളനത്തോടെ കോൺഫറൻസ് അവസാനിക്കും.

# ആത്മീയതയെ സമൂഹത്തിന്റെ നട്ടെല്ലായി മാറ്റണം



**കൊച്ചി:** പുതിയതലമുറ എന്തുകൊണ്ടാണ് ഭാരതീയസംസ്ക്കാരത്തിൽ നിന്നും പൈതൃകത്തിൽ നിന്നും അകന്ന് പോകുന്നതെന്ന് ഗൗരവമായി ചിന്തിക്കണമെന്ന് കോഴിക്കോട് രാമകൃഷ്ണ മിഷൻ സേവാശ്രമം സെക്രട്ടറി സ്വാമി നരസിംഹാനന്ദ പറഞ്ഞു. ചിന്മയ മിഷന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷമായ ചിന്മയ അമൃത് മഹോത്സവിന്റെ ഭാഗമായി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ നടക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ വിശിഷ്ടാത്ഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യം മാറണമെങ്കിൽ ഭൂരിപക്ഷം വരുന്ന മധ്യവർഗ സമൂഹത്തിന്റെ കാഴ്ച്ചപ്പാടുകൾ മാറണമെന്ന് അദ്ദേഹം പറഞ്ഞു. ഈ മാറ്റത്തിനുവേണ്ടിയാണ് സ്വാമി ചിന്മയാനന്ദ പ്രധാനമായും ശ്രമിച്ചിരുന്നതെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. വേദങ്ങളും ഉപനിഷത്തുകളും പഠിക്കാനും മറ്റുള്ളവർക്ക് പകർന്ന് നൽകാനുമുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. 2047 ആകുമ്പോഴെക്കും ലോകത്തിനുമുന്നിൽ ഭാരതം നിർണായക ശക്തിയായി മാറും. ഭാരതീയ പാരമ്പര്യത്തിൽ ഊന്നി ആത്മവിശ്വാസത്തോടെ വളർന്ന് വരുന്ന പുതിയ തലമുറയാണ് ഇതിന് ആവശ്യമെന്നും സ്വാമി നരസിംഹാനന്ദ അഭിപ്രായപ്പെട്ടു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ ഓണക്കൂറി ലളിതപ്രതിഷ്ഠാനിൽ നടക്കുന്ന ത്രിദിന സമ്മേളനത്തിന്റെ രണ്ടാംദിനം വിദ്യാഭ്യാസം, സമൂഹം, എന്നീ വിഷയങ്ങളിൽ ഊന്നിയായിരുന്ന ചർച്ചകൾ സ്വാമി ചിന്മയാനന്ദയുടെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ച്ചപ്പാടുകളെക്കുറിച്ചും ചിന്മയ മിഷന്റെ വിദ്യാഭ്യാസരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും, കോയമ്പത്തൂരിലെ ചിന്മയ ഇന്റർനാഷണൽ റെസിഡൻഷ്യൽ സ്കൂൾ റസിഡന്റ് ഡയറക്ടർ സ്വാമി അനുകൂലാനന്ദ വിശദീകരിച്ചു. വിദ്യാഭ്യാസം എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സമൂഹത്തിന്റെ സമഗ്രമായ പുരോഗതിയാണ് വിദ്യാഭ്യാസത്തിലൂടെ ചിന്മയ മിഷൻ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു.

പ്രൊഫ.ഗി എസ്.മൂർത്തി, ഡോ. ശകുന്തള നാഗ്പാൽ, സാഹന സിംഗ്, സ്വാമിനി സംപ്രതിഷ്ഠാനന്ദ, ഡോ.രാധാകൃഷ്ണൻ പിള്ള, ഡോ.നാഗരാജ് നീർച്ചൽ തുടങ്ങിയ പ്രമുഖരുടെ പ്രഭാഷണങ്ങൾ അന്താരാഷ്ട്ര സമ്മേളനത്തിന്റെ രണ്ടാം ദിവസത്തെസമ്പന്നമാക്കി. രാജ്യത്തിനകത്തും പുറത്തുമുള്ള പണ്ഡിതർ, ഗവേഷകർ, വിദ്യാഭ്യാസ പ്രവർത്തകർ, ആത്മീയചിന്തകർ, വിദ്യാർത്ഥികൾ എന്നിവാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്. വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പ്രബന്ധാവതരണങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ഗവൺമെൻറ് ലോ കോളേജിൽ 2026- 27 അധ്യായന വർഷത്തിൽ മലയാളം, ഹിന്ദി, ഇംഗ്ലീഷ് വിഷയങ്ങളിൽ ഗസ്റ്റ് അധ്യാപകരുടെ ഒഴിവിലേക്കും നിയമ വിഷയങ്ങളിൽ നിലവിലുള്ള ഒഴിവിലേക്കും ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവിലേക്കും അപേക്ഷ ക്ഷണിച്ചു. യുജിസി മാനദണ്ഡമനുസരിച്ച് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. നിയമ വിഭാഗമൊഴികെ മറ്റു വിഷയങ്ങളിലെ ഉദ്യോഗാർത്ഥികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഗസ്റ്റ് പാനലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരിക്കണം. ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, മുൻ പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകളും അവയുടെ പകർപ്പുകളും പ്രിൻസിപ്പൽ മുൻപാകെ ഹാജരാക്കേണ്ടതാണ്. നിയമവിഭാഗത്തിലെ അപേക്ഷകർ മെയ് 22 രാവിലെ 10. 30 നും ഇംഗ്ലീഷ്, മലയാളം, ഹിന്ദി വിഭാഗത്തിലെ അപേക്ഷകർ 10 30 നും ഹാജരാകേണ്ടതാണ്.

## വില്ലേജ് ഓഫീസ് മാറ്റി

**കൊച്ചി:** ഇടപ്പള്ളി തെക്ക് വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിനാൽ വില്ലേജ് ഓഫീസിന്റെ പ്രവർത്തനം മെയ് 11 തിങ്കളാഴ്ച മുതൽ പാടിവട്ടം പൈപ്പ് ലൈൻ റോഡിൽ പാടിവട്ടം ഗവ. സ്കൂളിനു സമീപം വാടക കെട്ടിടത്തിലേക്ക് താൽക്കാലികമായി പ്രവർത്തനം മാറ്റിയിരിക്കുന്നതായി അറിയിച്ചു.

# കാൻസറിനേക്കാൾ മാരകം; ലൂപസ് രോഗികൾക്ക് കരുതലും പരിഗണനയും വേണം: ബിജിബാൽ

**കൊച്ചി:** ശരീരത്തിന്റെ രോഗപ്രതിരോധ സംവിധാനം സ്വന്തം അവയവങ്ങളെത്തന്നെ ആക്രമിക്കുന്ന 'ലൂപസ്' എന്ന ഗുരുതരമായ ഓട്ടോ ഇമ്മ്യൂൺ രോഗം ബാധിച്ചവർ സമൂഹത്തിൽ നിന്നും കൂടുതൽ പരിഗണനയും കരുതലുമാണ് ആഗ്രഹിക്കുന്നതെന്ന് പ്രശസ്ത സംഗീത സംവിധായകൻ ബിജിബാൽ. കേരള ആർത്രൈറ്റിസ് ആൻഡ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ് ഇന്ത്യ, ഡോ. ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കലൂർ എം.ഇ.എസ് ഹാളിൽ സംഘടിപ്പിച്ച ലോക ലൂപസ് ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കൃത്യസമയത്ത് കണ്ടെത്തി ചികിത്സിച്ചില്ലെങ്കിൽ ആന്തരിക അവയവങ്ങളെ ബാധിച്ച് രോഗി മരണപ്പെടാൻ വരെ കാരണമാകുന്ന അസുഖമാണ് ലൂപസ്. ഇത് കാൻസറിനേക്കാൾ മാരകമായ അവസ്ഥയിലേക്ക് രോഗിയെ എത്തിക്കുന്നു. പ്രധാനമായും യുവതികളെയാണ് ലൂപസ് ബാധിക്കുന്നത്. ഒരു കുടുംബത്തിന്റെ നെടുംതൂണായ വീട്ടമ്മയ്ക്ക് ഈ രോഗം പിടിപെടുന്നത് ആ കുടുംബത്തെയാകെ തളർത്തുന്നു. രോഗത്തിന്റെ തീവ്രതയെക്കുറിച്ച് കുടുംബാംഗങ്ങൾക്കും സമൂഹത്തിനും കൃത്യമായ ധാരണയുണ്ടാക്കുകയാണ് ഇത്തരം ദിനാചരണങ്ങളുടെ ലക്ഷ്യമെന്ന് അധ്യക്ഷ പ്രസംഗത്തിൽ പ്രമുഖ റുമറ്റോളജിസ്റ്റ് ഡോ. പത്മനാഭ ഷേണായി പറഞ്ഞു.

ലൂപസ് ബാധിച്ചവർക്ക് ഇൻഷുറൻസ് പരിരക്ഷയും ആവശ്യമായ ചികിത്സാ സഹായങ്ങളും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ ലൂപ്പസ് ട്രസ്റ്റ് ഇന്ത്യയുടെ നേതൃത്വത്തിൽ നടന്നുവരികയാണെന്ന് സെക്രട്ടറി ദിനേശ് മേനോൻ അറിയിച്ചു.

റുമറ്റോളജി, സൈക്കോളജി, ഫെർട്ടിലിറ്റി എന്നീ വിഷയങ്ങളിൽ രോഗികളും കുടുംബാംഗങ്ങളും നേരിടുന്ന വിവിധ വെല്ലുവിളികളെക്കുറിച്ച് ഡോ. ഫെസി ലൂയിസ്, ഡോ. അനുരൂപ വിജയൻ, ഡോ. കാവേരി കെ. നളിയന്ദ, കൗൺസിലർ സി. രഞ്ജിനി എന്നിവർ സംവദിച്ചു. ലൂപ്പസ് ട്രസ്റ്റ് ഇന്ത്യ പ്രസിഡന്റ് വചസാമൃത ചടങ്ങിൽ ആശംസകൾ നേർന്നു. തുടർന്ന് ലൂപ്പസ് അതിജീവനത്തിന്റെ ഭാഗമായി രോഗികളും കുടുംബാംഗങ്ങളും അവതരിപ്പിച്ച വിവിധ കലാപരിപാടികളും വേദിയിൽ അരങ്ങേറി. ഡോ. ഷേണായിസ് കെയറിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പതിനൊന്നാമത് ലൂപസ് ദിനാചരണമാണിത്.



*കേരള ആർത്രൈറ്റിസ് ആൻഡ് റുമാറ്റിസം സൊസൈറ്റി, ലൂപ്പസ് ട്രസ്റ്റ് ഇന്ത്യ, ഡോ. ഷേണായിസ് കെയർ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ കലൂർ എം.ഇ.എസ് ഹാളിൽ സംഘടിപ്പിച്ച ലോക ലൂപസ് ദിനാചരണം സംഗീത സംവിധായകൻ ബിജിബാൽ ഉദ്ഘാനം ചെയ്യുന്നു. വചസാമൃത, ദിനേഷ് മേനോൻ, ഡോ.പത്മനാഭ ഷേണായി, ഡോ.കാവേരി കെ. നളിയന്ദ, ഡോ.അനുരൂപ വിജയൻ എന്നിവർ സമീപം.*

## കൊച്ചി–മുസിരിസ് ബിനാലെ ഏഴാം പതിപ്പ് വിഖ്യാത ഫ്രഞ്ച് കലാകാരൻ ഖാദർ അത്തിയ ക്യൂറേറ്റ് ചെയ്യും

**കൊച്ചി:** പ്രശസ്ത കലാകാരനും അന്താരാഷ്ട്ര ക്യൂറേറ്ററുമായ ഖാദർ അത്തിയയെ കൊച്ചി-മുസിരിസ് ബിനാലെ ഏഴാം പതിപ്പിന്റെ ക്യൂറേറ്ററായി പ്രഖ്യാപിച്ചു. വെനീസിൽ നടന്ന ചടങ്ങിൽ കൊച്ചി-മുസിരിസ് ബിനാലെ പ്രസിഡന്റ് ജിതീഷ് കല്ലാട്ടാണ് പ്രഖ്യാപനം നടത്തിയത്.



ജിതീഷ് കല്ലാട്ട് അധ്യക്ഷനായ സമിതിയാണ് അത്തിയയെ തിരഞ്ഞെടുത്തത്. ശില്പ ഗുപ്ത, അമൃത ഝാവേരി, പൂജ സൂദ്, തസ്നീം സക്കറിയ മേത്ത, മറിയം റാം, റിർക്രിത് തിരവനിജ എന്നിവരായിരുന്നു സമിതിയിലെ മറ്റ് അംഗങ്ങൾ. ബിനാലെയുടെ ഏഴാം പതിപ്പ് 2027 ഡിസംബർ 12 ന് ആരംഭിക്കും.

1970-ൽ ഫ്രാൻസിലെ ഡഗ്നിയിൽ ജനിച്ച ഖാദർ അത്തിയ ഹാംബർഗ് യൂണിവേഴ്സിറ്റി ഓഫ് ഫൈൻ ആർട്സിലെ പ്രൊഫസറാണ്. ചരിത്രം, ഓർമ്മ, കൊളോണിയലിസത്തിന്റെ അനന്തരഫലങ്ങൾ തുടങ്ങിയ വിഷയങ്ങളിലെ അദ്ദേഹത്തിന്റെ കലാപ്രവർത്തനങ്ങൾ ആഗോളതലത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്. ഇൻസ്റ്റലേഷൻ, ശില്പം, സിനിമ, ആർക്കൈവൽ ഗവേഷണം എന്നിവയിലൂടെ കലയെ നരവംശശാസ്ത്രവുമായും ദർശനങ്ങളുമായും അദ്ദേഹം ബന്ധിപ്പിക്കുന്നു.

ക്യൂറേറ്റർ എന്ന നിലയിൽ, ബിനാലെ ഏഴാം പതിപ്പിലേക്ക് ആവശ്യമായ ഗവേഷണങ്ങളും ചർച്ചകളും അത്തിയ ഉടൻ ആരംഭിക്കും. കൊച്ചിയുടെ ചരിത്രപരവും സമകാലികവുമായ സവിശേഷതകളെ ഒരു പ്രധാന അടിസ്ഥാനമായി കണ്ട് വിപുലമായ കലാപരമായ അന്വേഷണങ്ങൾക്കാണ് അദ്ദേഹം തുടക്കം കുറിക്കുക. സമകാലീന കലയിലെ വിജ്ഞാനവും ക്യൂറേറ്റോറിയൽ കാഴ്ചപ്പാടുകളിലെ വിശാലതയും ഖാദർ അത്തിയയുടെ സവിശേഷതയാണെന്ന് ജിതീഷ് കല്ലാട്ട് ചൂണ്ടിക്കാട്ടി.

സാംസ്കാരിക വൈവിധ്യങ്ങളുള്ള കൊച്ചിയുടെ വിവിധ ഏടുകളെ ബന്ധിപ്പിക്കാൻ ഈ നഗരം ആദ്യം സന്ദർശിച്ച സമയം മുതൽ ആഗ്രഹിച്ചിരുന്നു എന്ന് ഖാദർ അത്തിയ പറഞ്ഞു. ഏഴാം പതിപ്പിലൂടെ ആ ആഗ്രഹം യാഥാർത്ഥ്യമാക്കാൻ സാധിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബിനാലെയുടെ ആറാം പതിപ്പ് സംവാദങ്ങൾക്കും സർഗ്ഗാത്മകതയ്ക്കും വലിയ വേദിയായിരുന്നുവെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വേണു വി പറഞ്ഞു. ഖാദർ അത്തിയയുടെ കടന്നുവരവ് പുതിയ കലായാത്രയുടെ തുടക്കമാണ്. ആഗോള ശബ്ദങ്ങളെ പ്രാദേശിക യാഥാർത്ഥ്യങ്ങളുമായി ബന്ധിപ്പിക്കുന്ന ഈ യാത്ര ബിനാലെയുടെ പാരമ്പര്യം ഉയർത്തിപ്പിടിക്കും.

ഓരോ ബിനാലെയും ലോകവുമായുള്ള ഒരു പുതിയ സംഭാഷണമാണ്. ഏഴാം പതിപ്പ് 'ജനങ്ങളുടെ ബിനാലെ'യിൽ ഒരു പുതിയ അധ്യായം തുറക്കുമെന്ന് പ്രത്യാശിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയായ കൊച്ചി-മുസിരിസ് ബിനാലെ 2010-ൽ സ്ഥാപിതമായ കൊച്ചി ബിനാലെ ഫൗണ്ടേഷനാണ് സംഘടിപ്പിക്കുന്നത്. കലാകാരൻ നിഖിൽ ചോപ്രയുടെയും എച്ച്.എച്ച്. ആർട്ട് സ്പേസസിന്റെയും നേതൃത്വത്തിൽ നടന്ന ആറാം പതിപ്പ് 2026 മാർച്ച് 31-ന് സമാപിച്ചു.

## ബിജെപിക്ക് മുന്നണി മര്യാദയില്ല; അവഗണനയിൽ പ്രതിഷേധിച്ച് ശിവസേന

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ ദേശീയ ജനാധിപത്യ സഖ്യത്തിലെ (എൻഡിഎ) പ്രമുഖ ഘടകകക്ഷിയായ ശിവസേനയോട് ബിജെപി സംസ്ഥാന നേതൃത്വം കടുത്ത രാഷ്ട്രീയ വഞ്ചന കാട്ടിയെന്ന് ശിവസേന എറണാകുളം ജില്ലാ കമ്മിറ്റി കുറ്റപ്പെടുത്തി. കൊച്ചിയിൽ ചേർന്ന തിരഞ്ഞെടുപ്പ് അവലോകന യോഗത്തിലാണ് ബിജെപിക്കെതിരെ രൂക്ഷമായ വിമർശനങ്ങൾ ഉയർന്നത്. ഒൻപത് ഘടകകക്ഷികളുള്ള എൻഡിഎയിൽ കേവലം രണ്ട് പാർട്ടികളെയും അവരുടെ നേതാക്കളെയും മാത്രമാണ് ബിജെപി പരിഗണിച്ചത്. ശിവസേനയ്ക്ക് സീറ്റുകൾ നിഷേധിച്ചതിന് പുറമെ, പ്രചാരണ പരിപാടികളിലോ തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസുകളിലോ ഘടകകക്ഷികളുടെ കൊടികൾ പോലും പ്രദർശിപ്പിക്കാൻ ബിജെപി തയ്യാറായില്ല. തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് മുതൽ ഘടകകക്ഷി സ്ഥാനാർത്ഥികൾ മത്സരിച്ച വാർഡുകളിൽ ബിജെപി നേതാക്കളും അണികളും ബോധപൂർവ്വം വിട്ടുനിന്നു. ഇതേ നിസ്സഹകരണം നിയമസഭാ തിരഞ്ഞെടുപ്പിലും ആവർത്തിച്ചു.

വിജയസാധ്യതയുണ്ടായിരുന്ന തൃപ്പൂണിത്തറയിൽ ബിജെപി നേരിട്ട് മത്സരിക്കാതെ പുതുതായി വന്ന കക്ഷിക്ക് സീറ്റ് നൽകിയത് തിരിച്ചടിയായി. പറവൂരിൽ ഘടകകക്ഷികളെ വിശ്വാസത്തിലെടുക്കാതെ പ്രതിപക്ഷ നേതാവിനെതിരെ ഒറ്റയ്ക്ക് പ്രചരണം സംഘടിപ്പിച്ച ബിജെപി തന്ത്രം വൻ പരാജയമായിരുന്നു. കുന്നത്തുനാട്ടിൽ ഒരു ഘടകകക്ഷിക്ക് അമിത പ്രാധാന്യം നൽകിയതിലൂടെ ബിജെപി പ്രവർത്തകർ പോലും സജീവമല്ലാത്ത സാഹചര്യം ഉണ്ടായി. ബിജെപി തങ്ങളുടെ അടിസ്ഥാന ആശയമായ ഹിന്ദുത്വത്തിൽ നിന്ന് പിന്നോക്കം പോയത് ഹിന്ദു വോട്ടുകൾ നഷ്ടപ്പെടാൻ കാരണമായെന്ന് യോഗം വിലയിരുത്തി. ബിജെപിയുടെ ഈ ഏകപക്ഷീയമായ നിലപാട് മുന്നണി സംവിധാനത്തിന് ഗുണകരമല്ല. എറണാകുളം ജില്ലാ കമ്മിറ്റിയുടെ അവലോകന റിപ്പോർട്ട് എൻഡിഎ സംസ്ഥാന യോഗത്തിൽ ശക്തമായി അവതരിപ്പിക്കുമെന്ന് യോഗം ഉദ്ഘാടനം ചെയ്ത ശിവസേന സംസ്ഥാന പ്രസിഡന്റ് അഡ്വ. പേരൂർക്കട ഹരികുമാർ പറഞ്ഞു. യോഗത്തിൽ ശിവസേന ജില്ലാ പ്രസിഡന്റ് അഡ്വ. സാം ഐസക്ക് അധ്യക്ഷത വഹിച്ചു. പാർട്ടി വക്താവ് ടി.ആർ ദേവൻ, സംസ്ഥാന സെക്രട്ടറി അനിൽ ദാമോദർ, ജില്ലാ സെക്രട്ടറി ലെനിൻ, ജോയിന്റ് സെക്രട്ടറി കെ.ബി വേണു, വൈസ് പ്രസിഡന്റ് സന്തോഷ്, സംസ്ഥാന കമ്മിറ്റി അംഗം തൃശൂർ ഭാസി എന്നിവർ സംസാരിച്ചു.

## സൗജന്യ അലർജി മെഡിക്കൽ ക്യാമ്പ്

**കൊച്ചി :** ശ്രീ സുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ സൗജന്യ അലർജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഈ മാസം15ന് രാവിലെ 9 മുതലാണ് ക്യാമ്പ്. പങ്കെടുക്കുന്നവർക്ക് ടിഎസ്എച്ച്, ഷുഗർ ടെസ്റ്റ്, അലർജി ടെസ്റ്റ്, വിറ്റാമിൻ ബി12, വിറ്റാമിൻ ഡി3, ഫെറിറ്റിൻ, എച്ച്ബിഎ1സി, ലിപിഡ് പ്രൊഫൈൽ, എസ്.ഐജിഇ ലെവൽസ് പരിശോധനകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുമെന്ന് മെഡിക്കൽ ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവിരങ്ങൾക്ക് 04844077400, 7025350481.

സൊസൈറ്റി ടുഡേ
SOCIETY TODAY

# മഞ്ജു വാര്യർ, ആനന്ദ് മേനൻ ചിത്രം ഹാപ്പിലൂപ്പ് ' ടൈറ്റിൽ പോസ്റ്റർ




പ്രശസ്തതാരം മഞ്ജു വാര്യരെ കേന്ദ്ര കഥാപാത്രമാക്കി ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന "ഹാപ്പിലൂപ്പ്" എന്ന ചിത്രത്തിന്റെ ടൈറ്റിൽ പോസ്റ്റർ റിലീസായി. ഗൗതമന്റെ രഥം, വാഴ 1 എന്നീ ചിത്രങ്ങൾക്കുശേഷം ആനന്ദ് മേനൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ഹാപ്പിലൂപ്പ്'.

മുകേഷ്, ജെ പി തുമിനാട്, മധു വാര്യർ, വി കെ പ്രകാശ്, നീരജ് രാജേന്ദ്രൻ, നിധിന്യ, അനു,നിശാന്ത് സാഗർ,ആതിര രാജീവ് തുടങ്ങിയ പ്രമുഖരും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു. മൂവി ബക്കറ്റിന്റെ ബാനറിൽ ബിനീഷ് ചന്ദ്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ തിരക്കഥ ആഷിഖ് ഐമർ എഴുതുന്നു. ഛായാഗ്രഹണം- ഗൗതം ശങ്കർ, എഡിറ്റർ-കണ്ണൻ മോഹൻ, സംഗീതം- ഇലക്ട്രോണിക് കിളി, പാർവതീഷ് പ്രദീപ്, പ്രൊഡക്ഷൻ ഡിസൈനർ- ക്രിപേഷ് അയ്യപ്പൻകുട്ടി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-അനീഷ് സി സലിം, പ്രൊഡക്ഷൻ കൺട്രോളർ-ഷബീർ മലവട്ടത്ത്, ചീഫ് അസോസിയേറ്റ്- ബിനു ജി നായർ, മേക്കപ്പ്-റോണക്സ് സേവ്യർ, വസ്ത്രാലങ്കാരം-ലിജി പ്രേമൻ,വി എഫ് എക്സ്-പ്രോമൈസ്, സ്റ്റിൽസ്-രോഹിത് കെ സുരേഷ്, പോസ്റ്റർ ഡിസൈൻ- റോസ്റ്റഡ് പേപ്പർ, ടൈറ്റിൽ ഡിസൈൻ-ഡെല്ലു,പി ആർ ഒ-എ എസ് ദിനേശ്.

## സംഗീത് പ്രതാപ്–മമിത ബൈജു ചിത്രം തുടങ്ങി



സംഗീത പ്രതാപ്, മമിത ബൈജു എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ഡിനോയ് പൗലോസ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ചിത്രീകരണം എറണാകുളത്ത് ആരംഭിച്ചു. നിർമ്മാതാവ് ആഷിഖ് ഉസ്മാന്റെ പിതാവ് ഉസ്മാൻ മുഹമ്മദ് ഇബ്രാഹിം സിച്ചോൺ നിർവഹിച്ചപ്പോൾ പ്രശസ്ത നിർമ്മാതാവ് ആന്റണി പെരുമ്പാവൂർ ആദ്യ ക്ലാപ്പടിച്ചു. തിരക്കഥാകൃത്തായ ഡിനോയ് പൗലോസ് ആദ്യമായി സംവിധാനം ചെയ്യുന്ന ചിത്രമാണിത്. ആഷിഖ് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിഖ് ഉസ്മാൻ നിർമിക്കുന്ന ഇരുപതാമത്തെ ചിത്രമാണിത്.

മലയാളത്തിലെ പ്രമുഖ താരങ്ങൾക്കൊപ്പം പുതുമുഖങ്ങളും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്. ഛായാഗ്രഹണം- അഖിൽ ജോർജ്, എഡിറ്റിംഗ്-ചമൻ ചാക്കോ, കോ പ്രൊഡ്യൂസർ-അരുൺ ഡി ജോസ്, കലാ സംവിധാനം- നിമേഷ് എം താനൂർ, സൗണ്ട് ഡിസൈൻ- വിഷ്ണു ഗോവിന്ദ്, വസ്ത്രാലങ്കാരം-മഷർ ഹംസ,മേക്കപ്പ്- റോണക്സ് സേവ്യർ എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-സുധർമൻ വള്ളിക്കുന്ന്, ചീഫ് അസോസിയേറ്റ് ഡയറക്ടർ-രാജേഷ് അടൂർ, അസോസിയേറ്റ് ഡയറക്ടർ-അശ്വിൻ മോഹൻ, വിഷ്ണു വൈശാഖ്, പ്രൊഡക്ഷൻ കൺട്രോളർ-ശ്രീക്കുട്ടൻ, ഫിനാൻസ് കൺട്രോളർ-ശിവകുമാർ പെരുമ്പ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്-വിനോദ് വേണുഗോപാൽ, സ്റ്റിൽസ്-ബിജിത്ത് ധർമ്മടം, പബ്ലിസിറ്റി ഡിസൈൻ-യെല്ലോ ടൂത്ത്, ഡിജിറ്റൽ മാർക്കറ്റിംഗ്- ഒബ്സ്ക്യുറ, വിതരണം സെൻട്രൽ പിക്ചേഴ്സ്, പി ആർ ഒ - എ എസ് ദിനേശ്.

# വവ്വാൽ ട്രെയിലർ




ഷഹ്മോൻ ബി പറേലിൽ സംവിധാനം ചെയ്യുന്ന 'വവ്വാൽ' എന്ന ചിത്രത്തിന്റെ ആദ്യ അപ്ഡേഷൻ മുതൽ ട്രെയിലർ റിലീസ് വരെയുള്ള എല്ലാം അതി ഗംഭീരമാണെന്ന് മാത്രമല്ല. വളരെയധികം ആകാംഷ ഉളവാക്കുന്നതാണ്. എറണാകുളം ഷേണായ്സ് തീയേറ്ററിൽ വച്ച് 'വവ്വാൽ' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ പ്രിവ്യൂ സംഘടിപ്പിച്ചു. പ്രശസ്ത സംവിധായകൻ എം പത്മകുമാർ, എൻ എം ബാദുഷ,ലെവിൻ സൈമൺ, മമ്മി സെഞ്ചുറി, എ എസ് ദിനേശ്,ജോസഫ് നെല്ലിക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

'വവ്വാൽ ' ചാർട്ട് ചെയ്ത തീയേറ്ററുകളിൽ ചിത്രത്തിന്റെ ട്രെയിലർ പ്രദർശനം തുടങ്ങി. എല്ലാ ഭാഷയിലും ട്രെയിലർ പ്രിവ്യു കഴിഞ്ഞ ശേഷം മ്യൂസിക് ലോഞ്ചിനോട് അനുബന്ധിച്ച് റിലീസ് തീയതി തീരുമാനിക്കുമെന്ന് അണിയറ പ്രവർത്തകർ പറഞ്ഞു.

ഷഹ്മോൻ ബി പറേലിൽ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന പോയട്രിക്കൽ ആക്ഷൻ ത്രില്ലർ ചിത്രമാണ് 'വവ്വാൽ'. മകരന്ദ് ദേശ് പാണ്ഡേ, അഭിമന്യു സിങ്, മുത്തുകുമാർ , ലെവിൻ സൈമൺ ജോസഫ് എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ലക്ഷ്മി ചപോർക്കർ നായികയാകുന്നു. മണികണ്ഠൻ ആചാരി,സുധി കോപ്പ, പ്രവീൺ ടി ജെ,മെറിൻ ജോസ്,മൻരാജ്, ഗോകുലൻ,ജോജി കെ ജോൺ, ശ്രീജിത്ത് രവി, ജയശങ്കർ കരിമുട്ടം, ദിനേശ് ആലപ്പി, ഷഫീഖ്, തുടങ്ങി മുപ്പതിൽ പരം താരങ്ങൾ അഭിനയിക്കുന്നു. ഓൺഡിമാൻഡ്സിന്റെ ബാനറിൽ

ഷഹ്മോൻ പി ബി നിർമിക്കുന്ന ചിത്രത്തിന്റെ കോ പ്രൊഡ്യൂസർ സുരീന്ദർ യാദവാണ്. ഛായാഗ്രഹണം-മനോജ് എം ജെ, പ്രൊഡക്ഷൻ ഡിസൈനർ-ജോസഫ് നെല്ലിക്കൽ, എഡിറ്റർ-ഫാസിൽ പി ഷഹ്മോൻ, സംഗീതം- ജോൺസൺ പീറ്റർ, ഗാനരചന-പി ബി എസ്, സുധാംശു, റീ റെക്കോർഡിങ് മിക്സർ-ഫസൽ എ ബക്കർ, സൗണ്ട് ഡിസൈനിങ്-വിക്കി , പ്രൊഡക്ഷൻ കൺട്രോളർ-അനിൽ മാത്യു, മേക്കപ്പ്-സന്തോഷ് വെൺപകൽ, കോസ്റ്റ്യൂം ഡിസൈനർ -ഭക്തൻ മങ്ങാട്, ഫയർ ആൻഡ് ഗൺ- ഗൺ രാജേന്ദ്രൻ, കോറിയോഗ്രാഫി - അഭിലാഷ് കൊച്ചി, കളറിസ്റ്റ്-ലിജു പ്രഭാകർ,സംഘട്ടനം - നോക്കൗട്ട് നന്ദ, ചീഫ് അസോസിയേറ്റ് - ആഷിഖ് ദിൽജിത്ത്, പി ആർ ഒ-എ എസ് ദിനേശ്,സതീഷ് എരിയാളത്ത്, ഗുണ, സ്റ്റിൽസ്-രാഹുൽ തങ്കച്ചൻ, ഡിജിറ്റൽ മാർക്കറ്റിംഗ്-ഒപ്പറ, ഹോട്ട് ആന്റ് സോർ, കേരളാ ഫിൽ ഡിസ്ട്രിബ്യൂഷൻ- സ്നേഹം മൂവീസ്, പബ്ലിസിറ്റി ഡിസൈൻ - കോളിൻസ് ലിയോഫിൽ. ബിഗ് ബഡ്ജറ്റിൽ ഒരുക്കിയ പോയട്രിക്കൽ ആക്ഷൻ ത്രില്ലർ സിനിമയായ 'വവ്വാൽ ' ഉടൻ പ്രദർശനത്തിനെത്തും.

# യുകെയിൽ 'ദൃശ്യം 3' തരംഗം:

## റിലീസിന് നാല് ആഴ്ച മുമ്പ് അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ച് RFT ഫിലിംസ്

മലയാള സിനിമയുടെ ചരിത്രത്തിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട്, ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന മോഹൻലാൽ ചിത്രം 'ദൃശ്യം 3'-ന്റെ യുകെയിലെ അഡ്വാൻസ് ബുക്കിംഗ് ആരംഭിച്ചു. യുകെയിലെ പ്രമുഖ ചലച്ചിത്ര വിതരണ കമ്പനിയായ RFT ഫിലിംസ്, സിനിമ റിലീസ് ചെയ്യുന്നതിന് നാല് ആഴ്ച മുമ്പ് തന്നെ ടിക്കറ്റ് ബുക്കിംഗ് സൗകര്യം ലഭ്യമാക്കിക്കൊണ്ട് വിപണിയിൽ ചരിത്രം കുറിച്ചത്. യുകെയിലെ പ്രശസ്തമായ തിയേറ്റർ ശൃംഖലകളായ Cineworld, Odeon, Vue Cinemas എന്നിവിടങ്ങളിൽ ഇതിനോടകം തന്നെ ബുക്കിംഗ് തുടങ്ങിയിട്ടുണ്ട്. ഒരു മലയാള ചിത്രത്തിന്റെ റിലീസിന് ഇത്രയും ദിവസങ്ങൾക്ക് മുമ്പ് ബുക്കിംഗ് ഓപ്പൺ ചെയ്യുന്നത് ഇതാദ്യമായാണ്. 2026 മെയ് 21ന് ചിത്രം തിയേറ്ററുകളിൽ എത്തും. യുകെയിലെ മോളിവുഡ് മാർക്കറ്റ് ലീഡേഴ്സായ RFT ഫിലിംസ് ആണ് ചിത്രം പ്രദർശനത്തിന് എത്തിക്കുന്നത്. RFT ഫിലിംസ് സി.ഇ.ഒ റൊണാൾഡ് തൊണ്ടിക്കലാണ് ഈ വമ്പൻ റിലീസിന് നേതൃത്വം നൽകുന്നത്. നിരവധി മലയാളം ബ്ലോക്ക്ബസ്റ്റർ ചിത്രങ്ങൾ യുകെയിലെയും മറ്റ് അന്താരാഷ്ട്ര വിപണികളിലെയും പ്രേക്ഷകരിലേക്ക് എത്തിച്ച RFT ഫിലിംസിന്റെ ട്രാക്ക് റെക്കോർഡിലെ മറ്റൊരു പൊൻതൂവലാകും 'ദൃശ്യം 3'. ജിത്തു ജോസഫ് രചനയും സംവിധാനവും നിർവ്വഹിക്കുന്ന ഈ ചിത്രം ആശീർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ ആണ് നിർമ്മിക്കുന്നത്. മോഹൻലാലിനൊപ്പം മീന, അൻസിബ ഹസ്സൻ, എസ്തർ അനിൽ എന്നിവർ തങ്ങളുടെ മുൻവേഷങ്ങൾ ഈ മൂന്നാം ഭാഗത്തിലും വീണ്ടും അവതരിപ്പിക്കുന്നു. ജോർജുകുട്ടിയും കുടുംബവും വീണ്ടും എത്തുമ്പോൾ അവരെ സ്വീകരിക്കാൻ യുകെയിലെ മലയാളി പ്രേക്ഷകർക്കിടയിൽ വലിയ ആവേശമാണുള്ളത്. രണ്ടാം ഭാഗത്തിലെ സംഭവവികാസങ്ങൾക്ക് നാലര വർഷങ്ങൾക്ക് ശേഷമുള്ള ജോർജുകുട്ടിയുടെ ജീവിതമാണ് ഈ ചിത്രം പ്രമേയമാക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ തിയേറ്ററുകളിൽ ബുക്കിംഗ് ലഭ്യമാകുമെന്ന് വിതരണക്കാർ അറിയിച്ചു.



# പ്ലസ് വൺ ഇൻ യുവർ മദർഹുഡ് ജേർണി കാമ്പയിനുമായി ഇൻഡസ്ഇൻഡ് ജനറൽ ഇൻഷുറൻസ്

**കൊച്ചി:** മാതൃദിനത്തോടനുബന്ധിച്ച് പുതിയ കാമ്പയിനുമായി ഇൻഡസ്ഇൻഡ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് (മുമ്പ് റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്). പ്ലസ് വൺ ഇൻ യുവർ മദർഹുഡ് ജേർണി എന്ന പേരിൽ ആരംഭിച്ച ഈ കാമ്പയിൻ മാതൃത്വം ആരംഭിക്കുന്നത് പ്രസവസമയത്തല്ല മറിച്ച് ഒരു സ്ത്രീ അമ്മയാകാൻ തീരുമാനിക്കുന്ന നിമിഷം മുതൽ ആരംഭിക്കുന്നുവെന്ന് ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിൽ ഏകദേശം 1.46 കോടി ദമ്പതികൾ വന്ധ്യതാ പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നാണ് കണക്ക്. സാമൂഹികമായ വിവേചനം ഭയന്ന് പലരും ഇത്തരം ചികിത്സാ വിവരങ്ങൾ രഹസ്യമായി വെക്കാറാണ് പതിവ്. ഈ സാഹചര്യത്തിൽ ഐവിഎഫ് പോലുള്ള നൂതന ചികിത്സാരീതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും ഇത്തരം വെല്ലുവിളികൾ നേരിടുന്നവർക്ക് ആത്മവിശ്വാസം നൽകാനുമാണ് കമ്പനി ലക്ഷ്യമിടുന്നത്. കാമ്പയിന്റെ ഭാഗമായി ഒരു ഫെർട്ടിലിറ്റി ക്ലിനിക്കിന്റെ പശ്ചാത്തലത്തിൽ തയ്യാറാക്കിയ ഹ്രസ്വചിത്രത്തിൽ മറ്റ് ദമ്പതികൾ മാതൃത്വ-പിതൃത്വത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നത് കാത്തിരിക്കുന്ന ഒരു സ്ത്രീയുടെ അനുഭവങ്ങളാണ് ഇതിലൂടെ അവതരിപ്പിക്കുന്നത്. സംഭാഷണങ്ങളില്ലാതെ തന്നെ അസിസ്റ്റഡ് റീപ്രൊഡക്റ്റീവ് യാത്രകളെ നിർവചിക്കുന്ന പ്രതീക്ഷ, ക്ഷമ, അതിജീവനം എന്നിവയുടെ വൈകാരിക സങ്കീർണ്ണതകൾ ഈ ചിത്രം സൂക്ഷ്മമായി അവതരിപ്പിക്കുന്നു.

മാതൃത്വത്തിലേക്കുള്ള യാത്ര സാമ്പത്തികമായും ശാരീരികമായും വെല്ലുവിളികൾ നിറഞ്ഞതാണെന്ന് തിരിച്ചറിഞ്ഞ് വൈവിധ്യമാർന്ന ഇൻഷുറൻസ് പദ്ധതികളും കമ്പനി ലഭ്യമാക്കുന്നുണ്ട്. ഐവിഎഫ്, ഐയുഐ, ഭ്രൂണ കൈമാറ്റം തുടങ്ങിയ വന്ധ്യതാ ചികിത്സകൾക്കും പ്രസവ സംബന്ധമായ ചെലവുകൾക്കും കമ്പനിയുടെ ആരോഗ്യ ഇൻഷുറൻസ് പ്ലാനുകൾ പരിരക്ഷ നൽകുന്നു. കൂടാതെ പ്രസവത്തിന് മുൻപും ശേഷവുമുള്ള പരിചരണം, നവജാത ശിശുക്കൾക്കുള്ള വാക്സിനേഷൻ ഉൾപ്പെടെയുള്ള മെഡിക്കൽ പരിരക്ഷ എന്നിവയും ഇതിലൂടെ ലഭ്യമാണെന്ന് ഇൻഡസ്ഇൻഡ് ജനറൽ ഇൻഷുറൻസ് ഡിജിറ്റൽ ബിസിനസ്, മാർക്കറ്റിംഗ്, സ്ട്രാറ്റജി വിഭാഗം പ്രസിഡന്റും മേധാവിയുമായ തരുൺ ഖന്ന പറഞ്ഞു.

വാർത്താ വിതരണ ഏജൻസിയായ സോചിയേഴ്സ് ആണ് ഈ കാമ്പയിൻ തയ്യാറാക്കിയിരിക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളായ യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് ലിങ്ക്ഡ്ഇൻ എന്നിവയിലൂടെ കാമ്പയിൻ ആളുകളിലേക്ക് എത്തും. നിലവിൽ രാജ്യത്തുടനീളം 129 ശാഖകളും 90,000-ത്തിലധികം ഏജന്റുമാരുമുള്ള ശൃംഖലയാണ് ഇൻഡസ്ഇൻഡ് ജനറൽ ഇൻഷുറൻസിനുള്ളത്.

## ജസ്പേയുമായി സഹകരിച്ച് എൻപിസിഐ ഭാരത് ബിൽപേ ബാങ്കിങ് സേവനങ്ങൾ കൂടുതൽ ലളിതമാക്കും

**കൊച്ചി:** നാഷണൽ പെയ്മെന്റ്സ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ ഉടമസ്ഥതയിലുള്ള സബ്സിഡിയറിയായ എൻപിസിഐ ഭാരത് ബിൽപേയും (എൻബിബിഎൽ) ജസ്പേയും സഹകരിച്ച് ബാങ്കിങ് സേവനങ്ങൾ കൂടുതൽ ലളിതമാക്കുന്ന ബാങ്കിങ് കണക്ടിനായുള്ള സ്വിച്ച് അവതരിപ്പിച്ചു. ആപ്പുകൾ അടിസ്ഥാനമാക്കിയുള്ള നെറ്റ് ബാങ്കിങ് സേവനങ്ങൾ കൂടുതൽ ലളിതവും വേഗമേറിയതും സുരക്ഷിതവുമാക്കാൻ ഇതു സഹായിക്കും. ഈ സ്വിച്ചും സോഫ്റ്റ് വെയർ ഡെവലപ്മെന്റ് കിറ്റും (എസ്ഡികെ) വിവിധ തലങ്ങളിലുള്ള മെച്ചപ്പെടുത്തലുകൾക്ക് വഴി തുറക്കും. ബാങ്കുകൾക്കും പങ്കാളികൾക്കും ഒരൊറ്റ തലത്തിലുള്ള സംയോജിത സംവിധാനം, ബാങ്കിങ് കണക്ട് സെൻട്രൽ സ്വിച്ചിലേക്കുള്ള സുഗമമായ റൂട്ടിങ് തുടങ്ങിയവയും സാധ്യമാക്കുമെന്ന് എൻബിബിഎൽ മാനേജിങ് ഡയറക്ടറും സിഇഒയുമായ നൂപുർ ചതുർവേദി പറഞ്ഞു.

ഉപഭോക്താക്കൾക്ക് കൂടുതൽ മെച്ചപ്പെട്ട തലത്തിലുള്ള നെറ്റ് ബാങ്കിങ് അനുഭവങ്ങൾ ലഭ്യമാക്കാനുള്ള മാർഗം എന്ന നിലയിലാണ് ബാങ്കിങ് കണക്ട് വിഭാവന ചെയ്തിട്ടുള്ളതെന്ന് നൂപുർ ചതുർവേദി പറഞ്ഞു. ബാങ്കുകൾക്കും പങ്കാളികൾക്കുമായി പുതുമയുള്ളതും ലളിതവുമായ സംവിധാനം കൂടിയാണ് ഇതിലൂടെ ലഭ്യമാകുന്നത്. തങ്ങളുടെ പങ്കാളികൾക്ക് സംയോജിതമായ പുതിയ നെറ്റ് ബാങ്കിങ് രീതികൾ ലഭ്യമാക്കാൻ ബാങ്കിങ് കണക്ട് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ജസ്പേയുടെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് കിറ്റും സ്വിച്ചിലെയറും ചൂണ്ടിക്കാട്ടുന്നു എന്നും അദ്ദേഹം പറഞ്ഞു. ബാങ്കുകൾ നെറ്റ് ബാങ്കിങ് സംയോജനങ്ങളെ സമീപിക്കുന്ന രീതിയെയാണ് ബാങ്കിങ് കണക്ട് മാറ്റിയെടുത്തതെന്ന് ജസ്പേ ചീഫ് ഓപ്പറേറ്റിങ് ഓഫീസറും സഹ സ്ഥാപകയുമായ ശീതൽ ലാൽവാനി പറഞ്ഞു. സുസ്ഥിരവും ആശ്രയിക്കാവുന്നതും ആപ്പ് ആദ്യം എന്ന നിലയിലുള്ളതുമായ നെറ്റ് ബാങ്കിങ് അനുഭവങ്ങൾ ഈ മേഖലയിൽ മുഴുവൻ ലഭ്യമാക്കാനാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്നും ശീതൽ ലാൽവാനി പറഞ്ഞു.

## നാലാം പാദത്തിൽ 3016 കോടി രൂപ അറ്റാദായം നേടി ബാങ്ക് ഓഫ് ഇന്ത്യ

**കൊച്ചി:** മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തെ നാലാം പാദത്തിൽ 3016 കോടി രൂപയുടെ അറ്റാദായം രേഖപ്പെടുത്തി പ്രമുഖ പൊതുമേഖലാ ബാങ്കായ ബാങ്ക് ഓഫ് ഇന്ത്യ. മുൻവർഷത്തെ സമാനപാദത്തെ അപേക്ഷിച്ച് 14.85 ശതമാനമാണ് വർധനവ്. സാമ്പത്തിക വർഷത്തെ മൊത്തം അറ്റാദായം 14.19 ശതമാനം വർധനവോടെ 10527 കോടി രൂപയായി. ബാങ്കിന്റെ ആസ്തി വരുമാനവും ഓഹരി വരുമാനവും യഥാക്രമം 1.01 ശതമാനത്തിന്റെയും 16.36 ശതമാനത്തിന്റെയും വളർച്ച നേടി.

ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 16.98 ലക്ഷം കോടി രൂപയായി. ആഗോള നിക്ഷേപം 13.56 ശതമാനം വളർച്ചയോടെ 9.27 ലക്ഷം കോടി രൂപയായി. ആഗോള വായ്പ 7.71 ലക്ഷം കോടി രൂപയിലെത്തി. റീട്ടെയിൽ, എംഎസ്എംഇ, കൃഷി, കോർപ്പറേറ്റ് മേഖലകളിലേക്കുള്ള വായ്പാ വിതരണത്തിൽ വർധനവുണ്ട്. കാസ (കറന്റ് അക്കൗണ്ട്; സേവിങ്സ് അക്കൗണ്ട്) നിക്ഷേപം 7.30 ശതമാനം വളർച്ച നേടിയപ്പോൾ കാസ അനുപാതം 37.64 ശതമാനമെന്ന ശക്തമായ നിലയിൽ തുടരുന്നു. ഓൺലൈൻ ഉൾപ്പെടെയുള്ള വിവിധ മാർഗങ്ങളിലൂടെ 51 ലക്ഷത്തിലധികം പുതിയ ഉപഭോക്താക്കളെയാണ് 2025-26 സാമ്പത്തിക വർഷത്തിൽ ബാങ്കിന് നേടാനായത്.




*ബാങ്ക് ഓഫ് ഇന്ത്യ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ രജനീഷ് കർണാടക്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ പി.ആർ. രാജഗോപാൽ, സുബ്രത് കുമാർ, രാജീവ് മിശ്ര, പ്രമോദ് ദ്വിബേദി എന്നിവർ.*

# പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും സിയാൽ കാർഗോയ്ക്ക് 10 ശതമാനം വളർച്ച

**കൊച്ചി:** പശ്ചിമേഷ്യയിലെ പ്രതിസന്ധികൾക്കിടയിലും കൊച്ചി അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (സിയാൽ) കാർഗോ മേഖലയിൽ സുശക്തമായ വളർച്ച കൈവരിച്ചു. ഗൾഫ് മേഖലയിലേക്കുള്ള കയറ്റുമതി സുഗമമാക്കാൻ ആവിഷ്കരിച്ച പദ്ധതികൾ ഫലം കണ്ടതോടെ 10 ശതമാനം വർധനയാണ് ഈ സാമ്പത്തിക വർഷം കൈവരിച്ചത്. 202526 സാമ്പത്തിക വർഷത്തിൽ സിയാൽ 72,178 മെട്രിക് ടൺ കാർഗോ കൈകാര്യം ചെയ്തു. ഇതിൽ 76 ശതമാനത്തോളം അന്താരാഷ്ട്ര കാർഗോയാണ്. മുൻവർഷത്തേക്കാൾ ഏകദേശം 10 ശതമാനം വളർച്ചയാണ് ഇതിലൂടെ രേഖപ്പെടുത്തിയത്. ഇതോടെ കാർഗോ വിഭാഗത്തിൽ നിന്നുള്ള വരുമാനം 52.84 കോടി രൂപയായി ഉയർന്നു.

ആഗോള വ്യോമ ചരക്ക് മേഖല പ്രതിസന്ധി നേരിട്ട സമയത്തും കൈവരിച്ച ഈ വളർച്ച, അന്താരാഷ്ട്ര-പ്രാദേശിക കാർഗോ ശൃംഖലകളിലെ സിയാലിന്റെ വർധിച്ചുവരുന്ന പ്രാധാന്യത്തെ വ്യക്തമാക്കുന്നതാണ്. കാർഗോ ഗതാഗതവും ലോജിസ്റ്റിക്സ് ശൃംഖലയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സിയാൽ പ്രത്യേക 'ഡെഡിക്കേറ്റഡ് ട്രക്കിംഗ് സെന്റർ' ആരംഭിച്ചു. ദീർഘദൂര-ഹ്രസ്വദൂര കാർഗോ ട്രക്കുകൾക്കായി പ്രത്യേക പാർക്കിംഗ്, മൂവ്മെന്റ് ഏരിയകൾ, ഡ്രൈവർമാർക്കുള്ള സൗകര്യങ്ങൾ, വാഹന പാർക്കിംഗ് മേഖലകൾ എന്നിവയടങ്ങിയ ഈ കേന്ദ്രം ചരക്ക് ഗതാഗതത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കും. ഈ വർഷം സിയാലിന്റെ കാർഗോ അടിസ്ഥാന സൗകര്യ വികസനത്തിലും വലിയ മുന്നേറ്റമുണ്ടായി. എക്സ്പോർട്ട് കാർഗോ വെയർഹൗസ് വികസിപ്പിച്ചതോടെ വാർഷിക കാർഗോ കൈകാര്യം ശേഷി 1,25,000 മെട്രിക് ടൺ ആയി ഉയർന്നു. അത്യാധുനിക സ്ക്രീനിംഗ് സംവിധാനങ്ങൾ, കോൾഡ്-ചെയിൻ സൗകര്യങ്ങൾ, അപകടകാരികളായ ചരക്കുകൾക്കും റേഡിയോ ആക്റ്റീവ് വസ്തുക്കൾക്കും പ്രത്യേക 'ഹാൻഡ്ലിങ്' മേഖലകൾ, ഉയർന്ന മൂല്യമുള്ള ചരക്കുകൾക്കായുള്ള സുരക്ഷിത സംഭരണ സൗകര്യങ്ങൾ എന്നിവയും ഇതിന്റെ ഭാഗമായി സജ്ജീകരിച്ചിട്ടുണ്ട്.

ഏകദേശം 2.5 ലക്ഷം ചതുരശ്ര അടി വിസ്തൃതിയിലുള്ള കാർഗോ വെയർഹൗസ് സൗകര്യങ്ങളാണ് സിയാലിനുള്ളത്. കേരളത്തിലെ വ്യോമ ചരക്ക് ഗതാഗതത്തിന്റെ വലിയൊരു വിഹിതം സിയാലിലൂടെയാണ് നടക്കുന്നത്. പശ്ചിമേഷ്യൻ പ്രതിസന്ധിക്കാലത്ത് സിയാൽ ശ്രദ്ധേയമായ പ്രവർത്തന മികവാണ് കാഴ്ച വച്ചത്. 2026 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കൊച്ചി ഗൾഫ് റൂട്ടുകളിൽ 11 നോൺ-ഷെഡ്യൂൾഡ് കാർഗോ ഫ്രൈറ്റർ സർവീസുകൾ സിയാൽ വിജയകരമായി കൈകാര്യം ചെയ്തു.

പച്ചക്കറികൾ, പഴങ്ങൾ, വസ്ത്രങ്ങൾ, ഏലം ഉൾപ്പെടെയുള്ള കാർഷിക-വാണിജ്യ ഉൽപ്പന്നങ്ങൾ ഗൾഫ് വിപണികളിലേക്ക് എത്തിക്കുന്നതിൽ ഈ സർവീസുകൾ നിർണായകമായി. ഈ പ്രത്യേക ചരക്ക് സർവീസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനായി സിയാലിന്റെ കസ്റ്റമർ സർവീസ് & കാർഗോ (സി.എസ്.സി) വിഭാഗം പ്രത്യേക റാപിഡ് റെസ്പോൺസ് ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ഇത്തിഹാദ് എയർവേയ്സ്, നാഷണൽ എയർലൈൻസ്, സോലിറ്റ് എയർ ഏവിയേഷൻ സർവീസസ്, എസ്.എം.ബി പ്രൈവറ്റ് കാർഗോ ചാർട്ടേഴ്സ്, ഫ്ലൈ വായു, എമിറേറ്റ്സ്, കുവൈറ്റ് എയർവേയ്സ്, ഗൾഫ് എയർ, മാൽഡീവിയൻ, സൗദിയ, എയർ അറേബ്യ, ജസീറ എയർവേയ്സ് തുടങ്ങിയ വിമാനക്കമ്പനികളാണ് ഈ കാലയളവിൽ പ്രത്യേക കാർഗോ സർവീസുകൾ നടത്തിയത്.

കാർഗോ മേഖലയിലെ വളർച്ചയ്ക്ക് കൂടുതൽ ഊർജം പകരുന്നതിനായി ഫിക്കിയുമായി (FICCI) സഹകരിച്ച് സിയാൽ ഇന്റർനാഷണൽ കാർഗോ ബിസിനസ് സമ്മിറ്റ് (ICBS) 2026 സംഘടിപ്പിച്ചിരുന്നു. "ഭാവിയിലെ സാധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ദക്ഷിണേന്ത്യയിലെ മികച്ച എയർ കാർഗോ-ലോജിസ്റ്റിക്സ് കവാടമായി സിയാൽ വളർന്നുകൊണ്ടിരിക്കുകയാണ്. അടിസ്ഥാന സൗകര്യ വികസനം, ഡിജിറ്റൽ കാർഗോ മാനേജ്മെന്റ് സംവിധാനങ്ങൾ, മൾട്ടിമോഡൽ കണക്റ്റിവിറ്റി എന്നിവ ശക്തിപ്പെടുത്തുന്നതിലൂടെ കയറ്റുമതിക്കാർക്കും വ്യവസായങ്ങൾക്കും ഇ-കൊമേഴ്സ് മേഖലക്കും കൂടുതൽ സുഗമമായ ചരക്ക് ഗതാഗത ശൃംഖല ഒരുക്കുകയാണ് ലക്ഷ്യം", കാർഗോ പ്രവർത്തനങ്ങളിലെ വളർച്ചയെ കുറിച്ച് സംസാരിക്കവെ സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് ഐ.എ.എസ് പറഞ്ഞു.

ഫാർമസ്യൂട്ടിക്കൽ കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക സർട്ടിഫിക്കേഷൻ നേടുന്നതിനും താപനില നിയന്ത്രണം ആവശ്യമായതും അതിവേഗ കൈമാറ്റം നിർണായകവുമായ ചരക്കുകൾക്കായുള്ള സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനുമായി സിയാൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

# ഹൃദ്രോഗ ചികിത്സ ഇനി കൂടുതൽ കൃത്യതയോടെ: കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ

## സൗജന്യ പേസ്മേക്കർ പദ്ധതിയുമായി സി.എസ്.ഐജോയ് ആലുക്കാസ് കൈകോർക്കുന്നു

**തൃശൂർ:** അതിനൂതന ഹൃദ്രോഗ സാങ്കേതിക വിദ്യകളും ചികിത്സാ രീതികളും ചർച്ച ചെയ്യുന്ന കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (സി.എസ്.ഐ) കേരള ചാപ്റ്ററിന്റെ മൂന്ന് ദിവസത്തെ സമ്മേളനം 'സമർ കോൺഫറൻസ് 2026' ഹയാത്ത് റീജൻസിയിൽ ആരംഭിച്ചു. സി.എസ്.ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. പി.കെ. അശോകൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള രോഗനിർണയം, അത്യാധുനിക ഇമേജിംഗ് സംവിധാനങ്ങൾ, സുരക്ഷിതമായ കീ ഹോൾ ചികിത്സകൾ, അതിനൂതന ഹൃദയ ഉപകരണങ്ങൾ എന്നിവ ഹൃദ്രോഗ ചികിത്സാരംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഹൃദ്രോഗ സാധ്യതകൾ തുടക്കത്തിലേ കണ്ടെത്താനും പ്രതിരോധ ചികിത്സ ശക്തിപ്പെടുത്താനും ആധുനിക സാങ്കേതിക വിദ്യകൾ സഹായിക്കുന്നുണ്ട് ഡ്രഗ് കോട്ടഡ് ബലൂൺ ആൻജിയോപ്ലാസ്റ്റി, ഐ.വി.യു.എസ്, ഒ.സി.ടി പോലുള്ള രക്തക്കുഴൽ ഇമേജിംഗ് സാങ്കേതിക വിദ്യകൾ, വയർ ഇല്ലാത്ത പേസ്മേക്കറുകൾ, കാത്തിറ്റർ വഴിയുള്ള വാൽവ് മാറ്റിവെക്കൽ ചികിത്സകൾ എന്നിവ സങ്കീർണ ഹൃദ്രോഗങ്ങളുടെ ചികിത്സയെ കൂടുതൽ കൃത്യതയുള്ളതാക്കി മാറ്റി. ഡോ. പി.കെ. അശോകൻ പറഞ്ഞു. സ്മാർട്ട് വാച്ചുകളും, മറ്റ് ധരിക്കാവുന്ന ഉപകരണങ്ങളും ഹൃദയമിടിപ്പിലെ അസാധാരണതകൾ നേരത്തേ കണ്ടെത്താൻ സഹായിക്കുന്നുണ്ട് . ഇതിലൂടെ സ്ട്രോക്ക് പോലുള്ള ഗുരുതര പ്രശ്നങ്ങൾ കുറയ്ക്കാനാകുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. കരുണദാസ് സി.പി. അധ്യക്ഷത വഹിച്ചു. അടുത്ത പത്ത് വർഷത്തിനിടെ ഹൃദ്രോഗ ചികിത്സാരംഗത്തെ മാറ്റിമറിക്കാൻ സാധ്യതയുള്ള സാങ്കേതിക വിദ്യകളും ചികിത്സാരീതികളും സമ്മേളനത്തിൽ ചർച്ചയാകുമെന്ന് അദ്ദേഹം പറഞ്ഞു. ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ഷൗജാദ് മുഹമ്മദ്, സി.എസ്.ഐജോയ് ആലുക്കാസ് സൗജന്യ പേസ്മേക്കർ പദ്ധതി ഉദ്ഘാടന ചടങ്ങിൽ പ്രഖ്യാപിച്ചു. ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് 30 ഡ്യുവൽ ചേംബർ പേസ്മേക്കറുകൾ സൗജന്യമായി നൽകുന്നതാണ് പദ്ധതി. ഏകദേശം 2.5 ലക്ഷം രൂപ വിലവരുന്ന പേസ്മേക്കറുകൾക്ക് ലൈഫ് ടൈം വാറന്റിയും എം.ആർ.ഐക്ക് അനുയോജ്യത ഉള്ളതുമാണെന്ന് അദ്ദേഹം പറഞ്ഞു.


കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ (സി.എസ്.ഐ) കേരള ചാപ്റ്ററിന്റെ സമ്മേളനം സി.എസ്.ഐ കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. പി.കെ. അശോകൻ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ജോ ജോസഫ്, ഡോ. കരുണദാസ് സി.പി, ഡോ. റോണി മാത്യു, ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ഷൗജാദ് മുഹമ്മദ്; ഡോ. പ്രവീൺ എസ് എന്നിവർ സമീപം.

ശാസ്ത്ര പുരോഗതി സാധാരണ രോഗികൾക്കും പ്രയോജനപ്പെടുത്തുന്നതാണ് പദ്ധതി, ഡോ. ഷൗജദ് മുഹമ്മദ് പറഞ്ഞു. ഓർഗനൈസിങ്ങ് ചെയർമാൻ ഡോ. കരുണദാസ് സി.പി; ഓർഗനൈസിങ്ങ് സെക്രട്ടറി ഡോ. ഷൗജാദ് മുഹമ്മദ്, സി.എസ്.ഐ കേരള സെക്രട്ടറി ഡോ. ജോ ജോസഫ്, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ചെയർമാൻ ഡോ. റോണി മാത്യു, ഡോ. പ്രവീൺ. എസ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.

ഹൃദ്രോഗ ചികിത്സാരംഗത്തെ അക്കാദമിക് സംഭാവനകൾക്ക് പത്ത് ഹൃദ്രോഗ വിദഗ്ധരെ സമ്മേളനത്തിൽ ആദരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 300-ലേറെ കാർഡിയോളജിസ്റ്റുകൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.




## ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ബിഎസ്ഇ എൻഹാൻസ്ഡ് വാല്യൂ 30 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്ലാനുകൾക്കായി പുതിയ ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ബിഎസ്ഇ എൻഹാൻസ്ഡ് വാല്യൂ 30 ഇൻഡക്സ് ഫണ്ട് പുറത്തിറക്കി. മികച്ച സാമ്പത്തിക അടിത്തറയുള്ളതും എന്നാൽ വിപണിയിൽ ആകർഷകമായ മൂല്യത്തിൽ ലഭ്യമായതുമായ ലാർജ്-ക്യാപ്, മിഡ്-ക്യാപ് കമ്പനികളിൽ നിക്ഷേപിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ആസ്തി വർദ്ധിപ്പിക്കാൻ നിക്ഷേപകരെ സഹായിക്കുകയാണ് ഈ ഫണ്ടിന്റെ ലക്ഷ്യമെന്ന് കമ്പനി അധികൃതർ പറഞ്ഞു. കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ചുള്ള നിക്ഷേപ രീതി പിന്തുടരുന്നതിനാൽ ഇത് കൂടുതൽ സുതാര്യവും ചിട്ടപ്പെടുത്തിയതുമാണ്. ബുക്ക് വാല്യൂ-ടു-പ്രൈസ്, ഏണിങ്സ്-ടു-പ്രൈസ്, സെയിൽസ്-ടു-പ്രൈസ് എന്നീ സാമ്പത്തിക ഘടകങ്ങൾ അടിസ്ഥാനമാക്കി ബിഎസ്ഇ ലാർജ്-മിഡ്ക്യാപ് വിഭാഗത്തിൽ നിന്നുള്ള 30 മികച്ച കമ്പനികളെയാണ് ഈ ഫണ്ടിനായി തിരഞ്ഞെടുക്കുന്നത്. 2026 മാർച്ച് 30-ലെ കണക്കുകൾ പ്രകാരം ഈ ഇൻഡക്സ് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ 32 ശതമാനവും 10 വർഷത്തിനിടെ 19.4 ശതമാനവും വാർഷികാദായം നൽകിയിട്ടുണ്ട്. ഓഹരി വിപണിയിലെ മാറ്റങ്ങൾക്കനുസരിച്ച് വർഷത്തിൽ രണ്ടുതവണ ഈ പോർട്ട്ഫോളിയോ പുനഃക്രമീകരിക്കും. ഐസിഐസിഐ പ്രു സിഗ്നേച്ചർ അഷ്വർ, സ്മാർട്ട് കിഡ് അഷ്വർ, ഐസിഐസിഐ പ്രു സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് ഉൾപ്പെടെയുള്ള കമ്പനിയുടെ വിവിധ യുലിപ്

പദ്ധതികളിലൂടെ ഉപഭോക്താക്കൾക്ക് ഈ ഫണ്ടിൽ നിക്ഷേപിക്കാവുന്നതാണ്. ഇൻഷുറൻസ് പരിരക്ഷയോടൊപ്പം ഓഹരി വിപണിയിലെ ദീർഘകാല നേട്ടങ്ങളും ഇതിലൂടെ ലഭിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ചീനച്ചിറ–ദേവഗിരി; ഡി.പി.ആർ തയ്യാറാക്കാൻ ക്വട്ടേഷൻ ക്ഷണിച്ചു

**അങ്കമാലി:** അങ്കമാലി ചീനച്ചിറ-ദേവഗിരി റോഡിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾക്ക് തുടക്കമായി. പാലത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി. ആർ) തയ്യാറാക്കുന്നതിനായി പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റ് എക്സിക്യൂട്ടീവ് എൻജിനീയർ കൺസൾട്ടൻസി സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. ക്വട്ടേഷനുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഐ.യു, പി.എം.ജി.എസ്.വൈ, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030 എന്ന വിലാസത്തിൽ സമർപ്പിക്കാം. ഫോൺ: 0484-2421751 , 9188680536